(ബി, സി) റവന്യൂ വകുപ്പിൽ എച്ച്. സി./ആർ. ഐ. / വില്ലേജ് ഓഫീ സർമാരുടെ 1-1-2001 മുതൽ 31-12-2003 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല.

(ഡി) 31-12-2003-ന് ശേഷമുള്ള എച്ച്. സി./ആർ. ഐ. / വി. ഒ. മാരുടെ താല്കാലികമോ/സ്ഥിരമോ ആയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(ഇ) 1-1-2001 മുതൽ 31-12-2003 വരെയുള്ള എച്ച്. സി./ആർ. ഐ. / വി. ഒ. മാരുടെ താല്കാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വില്ലേജുകളിൽ ഭൂവുടമകളിൽ നിന്നും നികുതി ഈടാക്കാൻ നടപടി

173. [942] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂരാച്ചുണ്ട്, കാന്തലാട് വില്ലേജുകളിൽ ഭൂവുടമകളിൽ നിന്നും ഭൂനികുതി ഈടാക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഭൂവുടമകളിൽ നിന്നും നികുതി ഈടാക്കണമെന്ന ഗവൺമെന്റ് നിർദ്ദേശം പാലിക്കപ്പെടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ ശാശ്വത പരിഹാരത്തിനായുള്ള എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുടിയേറ്റ കർഷകർ കൈവശം വച്ചുവരുന്നതും മുൻപ് ഏതെങ്കിലും വർഷം അടിസ്ഥാന നികുതി നൽകിയിട്ടുള്ളതുമായ ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിന് 23-2-2005-ലെ സർക്കാർ ഉത്തരവ് നം. 1106/05/ആർഡി പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഭൂമിയെപ്പറ്റി തർക്കമുള്ള പക്ഷം റവന്യൂ വകുപ്പും വനംവകുപ്പും ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി തീരുമാനിക്കേണ്ടതാണെന്ന് 5-5-05 ലെ സർക്കാർ ഉത്തരവ് നം. 2642/05/റവ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) മേൽപ്പറഞ്ഞ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായാൽ മാത്രമേ തർക്കകേസുകൾക്ക് ശാശ്വത പരിഹാരം കാണാൻ കഴിയുകയുള്ളൂ.

മാനന്തവാടി താലൂക്കിലെ കാഞ്ഞിരങ്ങാട് വില്ലേജിലെ 238/1 സർവെ നമ്പരിൽപ്പെടുന്ന ഭൂമി

174. [943] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിലെ കാഞ്ഞിരങ്ങാട് വില്ലേജിന്റെ പരിധിയിൽ വരുന്ന 238/1 സർവെ നമ്പരിൽപ്പെടുന്ന ഭൂമിയിൽ കാഞ്ഞിരത്തിനാൽ ജോർജിന്റെ ഉടമസ്ഥതയിൽ ഭൂമിയുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത ഭൂമിയുടെ നികുതി ഏത് വർഷംവരെയുള്ളത് സ്വീകരിച്ചിട്ടുണ്ട് ;

(സി) നികുതി സ്വീകരിക്കുന്നതിന് ഏതെങ്കിലും രീതിയിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഡി) എങ്കിൽ തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വ്യക്തിയുടെ ഭൂമിയുടെ ചുറ്റുപാടുമുള്ള സ്ഥലം ആരുടെയെല്ലാം ഉടമസ്ഥതയിലാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി, സി, ഡി ആന്റ് ഇ) വിവരം ശേഖരിച്ചുവരുന്നു.

വെള്ളായണി കായലിന്റെ വിസ്തൃതി

175. [944] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായലിന്റെ ഇപ്പോഴത്തെ വിസ്തൃതി എത്രയാണ് ; തിരുവിതാംകൂർ രാജകുടുംബത്തിൽ നിന്നും, പ്രസ്തുത കായൽ സർക്കാരിനു ലഭിക്കുമ്പോൾ വിസ്തൃതി എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) വെള്ളായണി കാർഷിക കോളേജിന്റെ അധീനതയിലുള്ള കായലിന്റെ വിസ്തൃതി എത്രയാണെന്നും, സർക്കാർ വക എത്രയാണെന്നും, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളത് എത്രയാണെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly